# പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്യപ്പെട്ടവരാകുവിന്‍

സാക് പുന്നന്‍

WFTW 07 മെയ് 2017

അപ്പൊപ്ര: 2ല്‍ നാം കാണുന്നത്, 120 പേര്‍ പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരിക്കുമ്പോള്‍, അവര്‍ എത്രനാള്‍ അതിനുവേണ്ടി കാത്തിരിക്കേണ്ടിവരും എന്ന് അവര്‍ക്കറിയില്ലായിരുന്നു. കാരണം യേശു ഒരിക്കലും ആ കാര്യം അവരോട് പറഞ്ഞിരുന്നില്ല. അത് 10 ദിവസത്തേക്ക് മാത്രമാണെന്ന് അവര്‍ അറഞ്ഞിരുന്നെങ്കില്‍ കാത്തിരിപ്പ് അവര്‍ക്ക് കൂടുതല്‍ എളുപ്പമായേനെ. എന്തിനെങ്കിലും വേണ്ടിയുള്ള കാത്തിരിപ്പ് തുടരുവാന്‍ ദൈവം നമ്മേ അനുവദിക്കുമ്പോള്‍, അതെത്ര നാളത്തേക്കാണെന്ന് അവിടുന്ന് നമ്മോട് പറയുന്ന പതിവില്ല. നാം വിശ്വാസത്താല്‍ ജീവിക്കണമെന്ന് ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു, കാരണം ആത്മീയമായി വളരാനുള്ള ഏകമാര്‍ഗ്ഗം അതാണ്  തന്നെയുമല്ല നമ്മുടെ വിശ്വാസം ശക്തിപ്പെടുവാനുള്ള ഏകമാര്‍ഗ്ഗവും അതു തന്നെയാണ്. എത്രനാള്‍ നാം കാത്തിരിക്കേണ്ടിവരും എന്ന് നാം അറിഞ്ഞിരുന്നെങ്കില്‍, അവിടെ ഒരു വിശ്വാസവും ഉണ്ടാകുമായിരുന്നില്ല. പിന്നീട് നാം തിരിഞ്ഞുനോക്കുമ്പോള്‍ മാത്രമാണ് നമുക്കിപ്രകാരം പറയാന്‍ കഴിയുന്നത് ‘ മുന്നു ദിവസങ്ങള്‍ (മൂന്ന് വര്‍ഷങ്ങള്‍) ഞാന്‍ അതിനായി കാത്തിരിക്കേണ്ടിവന്നു‘.

കാത്തിരുന്ന ഈ ശിഷ്യന്മാരോട് ‘ പരിശുദ്ധാന്മാവിനാല്‍ അഭിഷേകം ചെയ്യപ്പെടുമ്പോള്‍ നിങ്ങളെങ്ങനെ അറിയും?‘ എന്ന് ചോദിച്ചാല്‍ അവര്‍ പറയുന്നത് അപ്പോള്‍ ഞങ്ങള്‍ അന്യഭാഷയില്‍ സംസാരിക്കും എന്നായിരിക്കില്ല. പരിശുദ്ധാത്മാവ് വരുമ്പോള്‍ തങ്ങള്‍ ശക്തി പ്രാപിക്കും എന്നാണ് യേശു അവരോട് പറഞ്ഞിട്ടുള്ളത് എന്നായിരിക്കും അവര്‍ പറയുന്നത്. ‘ ഞാന്‍ ശക്തി പ്രാപിച്ചിട്ടുണ്ട് എന്ന് ഞാന്‍ എങ്ങനെ അിറയും?‘ എന്ന് നിങ്ങള്‍ ചോദിച്ചേക്കാം. നമ്മുടെ പാപങ്ങള്‍ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന് ദൈവം നമുക്ക് ഉറപ്പുതന്നതു പോലെ തന്നെ, നാം ശക്തിപ്രാപിച്ചു എന്നും നമുക്ക് ഉറപ്പുതരുവാന്‍ ദൈവത്തിനുകഴിയും. നമ്മുടെ പാപങ്ങള്‍ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന് നമ്മുടെ ആത്മാവിനോടു കൂടെ സാക്ഷ്യം വഹിച്ച പരിശുദ്ധാത്മാവിന്, നാം ശക്തി ധരിപ്പിക്കപ്പെട്ടു എന്നതിനും കൂടെ സാക്ഷ്യം വഹിക്കുവാന്‍ കഴിയും. പ്രാധാന്യമുള്ള ഈ രണ്ടുകാര്യങ്ങളിലും നിങ്ങള്‍ക്ക് ഉറപ്പുതരുവാന്‍ ദൈവത്തോട് അപേക്ഷിക്കുക  അതുകൊണ്ട് അവര്‍ ശക്തിക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. എന്നാല്‍ അവര്‍ക്കുശക്തി ലഭിച്ചപ്പോള്‍ അറിയപ്പെടാത്ത ഭാഷകളില്‍ (അന്യഭാഷയില്‍) സംസാരിക്കുവാനുള്ള വരവും കൂടി അവര്‍ പ്രാപിച്ചു എന്നാല്‍ അന്യഭാഷാവരം ഉണ്ട് എന്ന് അവകാശപ്പെടുന്ന പലരും അല്‍പ്പമെങ്കിലും ശക്തിയുള്ളവരായി കാണപ്പെടുന്നില്ല എന്നതാണ് ഇന്നത്തെ ദുഃഖകരമായ അവസ്ഥ. അന്യഭാഷ അനുകരിക്കപ്പെടാന്‍ കഴിയുന്നതാണ്, എന്നാല്‍ പാപത്തെ ജയിക്കുവാനും ക്രിസ്തുവിനു വേണ്ടി ധീരനായ ഒരു സാക്ഷിയാകുവാനുമുള്ള ശക്തി അനുകരിക്കപ്പെടാവുന്നതല്ല.

ഈ ഉദാഹരണം നോക്കുക: നിങ്ങള്‍ ഒരു കമ്പ്യൂട്ടര്‍ (ശക്തി)വാങ്ങുവാന്‍ ഒരു കടയിലേക്കു പോകുന്നു. കച്ചവടക്കാരന്‍ നിങ്ങളോട് ഓരോ കമ്പ്യൂട്ടറിന്‍റെയും കൂടെ ഒരു സൗജന്യ സിഡിയും ( അന്യഭാഷ) കൂടെ നല്‍കുന്നുണ്ട് എന്നു പറയുന്നു. നിങ്ങള്‍ കടയിലേക്കു പോയത് ഒരു സിഡി വാങ്ങാനല്ല, ഒരു കമ്പ്യൂട്ടര്‍ വാങ്ങുവാനാണ്. എന്നാല്‍ സിഡി സൗജന്യമായി നല്‍കപ്പെട്ടതായതു കൊണ്ട്, നിങ്ങള്‍ ആ കമ്പ്യൂട്ടറും ആ സിഡിയും എടുക്കുന്നു. എന്നാല്‍ നിങ്ങളുടെ സുഹൃത്ത് നിങ്ങളുടെ സിഡി കണ്ടിട്ട് അതേ കടയിലേക്കു ചെന്ന് കമ്പ്യൂട്ടറിന്‍റെ വില കൊടുക്കുന്നു. എന്നാല്‍ സൗജന്യമായി കിട്ടിയ ആ സിഡി മാത്രം ഭവനത്തിലേക്ക് കൊണ്ടുപോകുന്നു. എന്തൊരു വിഡ്ഢിത്തമാണത്!! ഇത് ശക്തി പ്രാപിക്കാതെ അന്യഭാഷാവരം മാത്രം പ്രാപിച്ചവരുടെ ഒരു ചിത്രമാണ്.

കൊടിയകാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്ന് ഒരു മുഴക്കം ഉണ്ടായി, അത് അവർ പ്രാർത്ഥിച്ചു കൊണ്ടിരുന്ന വീട് മുഴുവൻ നിറച്ചു എന്നും അഗ്നിജ്വാല പോലെ പിളർന്ന നാവുകൾ അവരിൽ ഓരോരുത്തൻറെമേലും പതിഞ്ഞു എന്നും നാം വായിക്കുന്നു. ഇത് ബാഹ്യമായുള്ള കാര്യങ്ങൾ മാത്രമായിരുന്നു. ഒരു അഭിഷേകവും ശക്തിയും പ്രാപിക്കുന്നതാണ് മുഖ്യമായി നടന്നകാര്യം. യേശു അഭിഷേകം ചെയ്യപ്പെട്ടപ്പോൾ ഉണ്ടായ ബാഹ്യമായ അടയാളം ഇതിൽ നിന്നു വ്യത്യസ്തമായിരുന്നു. യേശുവിൻറെ കാര്യത്തിൽ, അവിടെ കാറ്റോ അഗ്നിയോ ഇല്ലായിരുന്നു എന്നാൽ ഒരു പ്രാവും ശബ്ദവും ഉണ്ടായിരുന്നു. എങ്കിലും ഈ അപ്പൊസ്തലന്മാർ പ്രാപിച്ച അതേ ശക്തിയും അഭിഷേകവും തന്നെയാണ് അവിടുന്ന് പ്രാപിച്ചത്. നാമും യേശു ആയിരുന്നതു പോലെതന്നെ ' പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്യപ്പെടേണ്ട ആവശ്യമുണ്ട് ' ( അപ്പോപ്ര 10:38). ശാരീരികവും വൈകാരികവുമായ അനുഭവങ്ങൾ നമുക്കോരോരുത്തർക്കും വ്യത്യസ്തമായിരിക്കാം. ആരെങ്കിലും നിങ്ങൾക്ക് വിലപിടിപ്പുള്ള ഒരു വജ്രം സമ്മാനമായി തരുമ്പാൾ അത് സാധാനരണ ബ്രൗൺ പേപ്പറിൽ അലക്ഷ്യമായി പൊതിഞ്ഞു ചുരുട്ടി തന്നാലും, തിളക്കമുള്ള ഒരു പേപ്പർ കൊണ്ട് നന്നായി പായ്ക്ക് ചെയ്ത് അലങ്കാരനാടകൾ കൊണ്ട് കെട്ടിതന്നാലും അതിന് വ്യത്യാസം ഒന്നും ഇല്ല. അതിനകത്തുള്ള സമ്മാനമാണ് പ്രധാനം. ശിശുക്കളാണ് ഇപ്രകാരം പൊതികളാലും ബാഹ്യകാര്യങ്ങളാലും കാറ്റ്, അഗ്നി, ശബ്ദം, വിറയലിൻറെ അനുഭവം മുതലായവയാൽ ആകർഷിക്കപ്പെടുന്നത്. പ്രായപൂർത്തിയായവർ ആകർഷിക്കപ്പെടുന്നത് ആ ദാനത്തിലാണ്  പരിശുദ്ധാത്മാവിൻറെ അഭിഷേകവും ശക്തിയും എന്നദാനം. തങ്ങൾക്കു കിട്ടിയ സമ്മാനം പൊതിഞ്ഞിരുന്ന പൊതിയെപ്പറ്റി ആളുകൾ സാക്ഷ്യം പറയുകയും പുകഴ്ചയെടുക്കുകയും ചെയ്യുമ്പോൾ, അവർ ഇപ്പോഴും കുഞ്ഞു ക്രിസ്ത്യാനികളാണെന്ന് നിങ്ങൾ അറിയുക.

ഓരോരുത്തരുടെയും തലയിൽ ആവസിച്ചിരുന്ന അഗ്നിനാവ് സൂചിപ്പിക്കുന്നത്, പുതിയ ഉടമ്പടി യുഗത്തിൽ നമ്മുടെ ശരീരത്തിൽ നിന്ന് ദൈവം ഉപയോഗിക്കുന്ന ഏറ്റവും പ്രധാനഭാഗം നമ്മുടെ നാവാണെന്നാണ്  പരിശുദ്ധാത്മാവിനാൽ അഗ്നിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതും എല്ലാ സമയവും അവിടുത്തെ പൂർണ്ണ നിയന്ത്രണത്തിൻറെ കീഴിലായിരിക്കുന്നതുമായ ഒരു നാവ്. ഇത് ഭാഷാവരത്തിൻറെ ഒരു പ്രതീകാത്മക ഭാഗം കൂടിയാണ്. മറ്റുള്ളവരെ അനുഗ്രഹിക്കുന്നതിനായി നിങ്ങളുടെ നാവ് ഉപയോഗിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു, അത് നിങ്ങൾ ഒരു പ്രാസംഗികനാണെങ്കിൽ മാത്രമല്ല, എല്ലാ ദിവസവും ആളുകളോടുള്ള നിങ്ങളുടെ സാധാരണ സംഭാഷണങ്ങളിലൂടെയും അതു ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ ഇതിനായി, നിങ്ങളുടെ സംഭാഷണങ്ങളുടെ മേൽ ഒരു ദിവസത്തിൻറെ 24 മണിക്കൂറും ഒരാഴ്ചയുടെ ഏഴു ദിവസങ്ങളിലും, പൂർണ്ണ നിയന്ത്രണം ഉണ്ടാകുവാൻ പരിശുദ്ധാത്മാവിനെ നിങ്ങൾ അനുവദിക്കണം. 2:14ൽ എല്ലാ അപ്പൊസ്തലന്മാരിലും പരിശുദ്ധാത്മാവ് വസിക്കുന്നതിൻറെ അതിശയകരമായ ഒരു ഫലം നാം കാണുന്നു. നാം ഇവിടെ വായിക്കുന്നത് ' മറ്റ് പതിനൊന്ന് അപ്പോസ്തലന്മാരാൽ പിൻതുണയ്ക്കപ്പെട്ട് പത്രോസ് എഴുന്നേറ്റു നിന്നു' എന്നാണ് (എം.എസ്ജി) യേശുവിന് തൻറെ ജീവിതകാലത്ത് പൂർത്തീകരിക്കാൻ കഴിയാതിരുന്ന കാര്യം ഒടുവിൽ ഇപ്പോൾ പൂർത്തീകരിക്കപ്പെട്ടു. ആ 12 പേരും ഇപ്പോൾ ഒരു ശരീരമാണ്. പ്രസംഗിക്കുന്നതിലൂടെ ലഭിക്കുന്ന മാനം തേടുവാൻ വേണ്ടി അവർ മത്സരിച്ചില്ല. അവർ പത്രൊസിനെ പിൻതാങ്ങുകയും അദ്ദേഹം പ്രസംഗിച്ചപ്പോൾ 100% അദ്ദേഹത്തിൻറെ പിന്നിൽ ഉണ്ടായിരിക്കുകയും ചെയ്തു. ആത്മാവു വന്നു കഴിയുമ്പോൾ ഇതിലും വലിയകാര്യം അവർ ചെയ്യുമെന്ന് യേശു പറഞ്ഞത് ഇതായിരുന്നു  ഒരു ശരീരമാകുവാൻ തക്കവണ്ണം പരിശുദ്ധാത്മാവ് അവരെ അഭിഷേകം ചെയ്തു.

2:17 ൽ പരിശുദ്ധാത്മാവിൻറെ ഈ പകർച്ച യോവേൽ പ്രവചനത്തിൻറെ പൂർത്തീകരണമാണ് എന്ന് പത്രൊസ് പറഞ്ഞു. സകല പുരുഷന്മാരുടെ മേലും സ്ത്രീകളുടെ മേലും

പരിശുദ്ധാത്മാവിനെ പകരും അവർക്കും പ്രവചിക്കാൻ കഴിയും. പഴയ ഉടമ്പടിയിൽ ഇത് രാജാക്കന്മാർക്കും പുരോഹിതന്മാർക്കും വേണ്ടി മാത്രം മാറ്റിവെയ്ക്കപ്പെട്ടിരുന്ന ഒരു പ്രത്യേക അവകാശമായിരുന്നു. എന്നാൽ പുതിയ ഉടമ്പടിയുടെ കീഴിൽ, എല്ലാവർക്കും ഈ ആത്മാവിനെ പ്രാപിക്കാം. ഇത് എത്രവലിയ ഒരു ബഹുമതിയാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.